# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| മാർച്ച് 22<br>March 22 | 2020 |

**1195 മീനം 9 ഞായർ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ് 19:**

**കോവിഡ് 19: ജില്ലയിൽ ഐസലേഷൻ വ്യവസ്ഥകൾ ലംഘിച്ച 13 പേർക്കെതിരേ കേസെടുത്തു**

കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനിടെ ആരോഗ്യവകുപ്പിന്റെയും ജില്ലാഭരണകൂടത്തിന്റെയും വ്യവസ്ഥകൾ ലംഘിച്ച 13 പേർക്കെതിരെ കേസെടുത്തു. ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നിർദേശപ്രകാരമാണ് പോലീസ് കേസ് എടുത്തത്.

നാറാണംമൂഴി ഷൈൻ നിവാസിൽ ഷൈൻ, നാറാണംമൂഴി പുത്തൻപുരയ്ക്കൽ ശ്രീലക്ഷ്മി, വടശ്ശേരിക്കര ഇടയിക്കാട്ട് തോമസ് കോശി, എഴുമറ്റൂർ വട്ടിത്തറ ജിഷ എലീസ ദാസ്, എഴുമറ്റൂർ വരിക്കാനിക്കൽ സുരേന്ദ്രൻ നായർ, എഴുമറ്റൂർ എരുമ്പക്കുഴിവീട്ടിൽ സന്തോഷ്, എഴുമറ്റൂർ പുന്നയ്ക്കൽവീട്ടിൽ പി.വി ആൽബിൻ, തോട്ടപ്പുഴശ്ശേരി കൃഷ്ണവിലാസം അജികുമാർ, തോട്ടപ്പുഴശ്ശേരി കൊച്ചുകാലായിൽ റോയി വർഗീസ്, ഏനാദിമംഗലം അശ്വതിഭവനത്തിൽ സുനിൽകുമാർ, ഏനാദിമംഗലം അനന്ദുഭവനത്തിൽ അശോകൻ, മെഴുവേലി കരിങ്കുറ്റിയിൽ ആലീസ് മാത്യു, മെഴുവേലി കരിങ്കുറ്റിയിൽ മേഴ്സി എബ്രഹാം എന്നിവർക്കെതിരെയാണ് കേസ് ഫയൽ ചെയ്തത്.

ക്വാറന്റൈൻ വ്യവസ്ഥകൾ ലംഘിച്ചവർക്കെതിരേ 2009 ലെ കേരളാ പൊതുജനാരോഗ്യ നിയമ പ്രകാരവും 2011 ലെ കേരളാ പോലീസ് ആക്ട് പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(പിഎൻപി 1309/20)

## ബാങ്കുകളിൽ ഒരേസമയം അഞ്ച് പേരിൽ കൂടുതൽ പ്രവേശിക്കാൻ പാടില്ല

കോവിഡ് 19 നിയന്ത്രണപ്രവർത്തനങ്ങളുടെ ഭാഗമായി ബാങ്കുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി ഒരേസമയം അഞ്ച് പേരിൽ കൂടുതൽ പ്രവേശിക്കാൻ പാടില്ലെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു.

ഇടപാടുകാർ ഇടപാടുകൾ പൂർത്തിയാക്കി വേഗത്തിൽ തിരിച്ചുപോകാൻ ശ്രമിക്കണം. ബാങ്കിന്റെ ചുമരുകൾ, മേശ, കൗ ർ എന്നിവയിൽ സ്പർശിക്കാൻ പാടില്ല. നിരീക്ഷണത്തിൽ കഴിയുന്നവരും ജലദോഷം, ചുമ, പനി തുടങ്ങിയ രോഗലക്ഷണമുള്ളവരും ബാങ്കിൽ എത്താതിരിക്കുക. ബാങ്ക് ഇടപാടിന് മുൻപും ശേഷവും കൈകൾ സോപ്പ് അല്ലെങ്കിൽ സാനിറ്റൈസർ ഉപയോഗിച്ച് നന്നായി വൃത്തിയാക്കുക. ഉപഭോക്തൾ എ.ടി.എം, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക. പാസ്ബുക്ക് പ്രിന്റിംഗ്, ബാലൻസ് പരിശോധന എന്നിവയ്ക്കായി ബാങ്ക് സന്ദർശനം ഒഴിവാക്കുക. പെൻഷൻ വാങ്ങുന്നവർ കൂട്ടമായി ബാങ്കുകളിൽ എത്താൻ പാടില്ലെന്നും കളക്ടർ നിർദേശിച്ചു.

(പിഎൻപി 1310/20)

## റാന്നി താലൂക്ക് ആശുപത്രിയിൽ സന്ദർശന വിലക്ക്

കോവിഡ് 19 വൈറസ്ബാധ പ്രതിരോധ പ്രവർത്തനങ്ങലുടെ ഭാഗമായി റാന്നി താലൂക്ക് ആളുപത്രിയിൽ ഒരു അറിയിപ്പ് ഉ ാകുംവരെ സന്ദർശകരെ അനുവദിക്കില്ലെന്ന് റാന്നി താലൂക്ക് ആശുപത്രി സൂപ്ര ് അറിയിച്ചു. അടിയന്തിരമല്ലാത്ത എല്ലാ ശസ്ത്രക്രിയകളും മാറ്റിവച്ചിട്ടു ്.

(പിഎൻപി 1311/20)

## കുപ്പിവെള്ളം സംഭാവന ചെയ്തു

കോവിഡ് 19 നിയന്ത്രണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജില്ലാഭരണകൂടത്തിന് 1008 കുപ്പി വെള്ളം സംഭാവന നൽകി ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി പത്തനംതിട്ട ബ്രാഞ്ച്. കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ കുപ്പിവെള്ളം ജില്ലാ കളക്ടർ പി.ബി.നൂഹ് ഏറ്റുവാങ്ങി. റെഡ് ക്രോസ് ജില്ലാ ബ്രാഞ്ച് സെക്രട്ടറി കെ.പി രഞ്ജിത്, വൈസ് ചെയർമാൻ സുബിൻ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: വാട്ടർ:-***

ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി പത്തനംതിട്ട ബ്രാഞ്ചിന്റെ നൽകിയ കുപ്പിവെള്ളം ജില്ലാ കളക്ടർ പി.ബി.നൂഹ് ഏറ്റുവാങ്ങുന്നു.

(പിഎൻപി 1312/20)

## മല്ലപ്പള്ളി പഞ്ചായത്ത് ബസ് സ്റ്റാൻഡ് വൃത്തിയാക്കി

കൊറോണ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വകാര്യ ബസ് സ്റ്റാൻഡ് കഴുകി വൃത്തിയാക്കി. ടാങ്കറിൽ വെള്ളമെത്തിച്ച് ബ്ലീച്ചിംഗ് പൗഡർ വിതറി മോട്ടോർ ഉപയോഗിച്ചാണ് ബസ് സ്റ്റാൻഡ് ശുചീകരിച്ചത്. നിരവധിയാളുകൾ എത്താറുള്ള ഇടുങ്ങിയ ബസ്സ് സ്ലാൻഡ് എല്ലാ ദിവസവും തൂത്തുവൃത്തിയാക്കാറുണ്ടെങ്കിലും കഴുകി വൃത്തിയാക്കാറില്ല. പഞ്ചായത്ത് പ്രസിഡന്റ് റെജി ശാമുവേൽ, കീഴ്‌വായ്പ്പൂര് എസ്.ഐ ബി.ആദർശ്, ഹെൽത്ത് ഇൻസ്പെക്ടർ ബിജു ജോസഫ്, ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ സി.ആർ. ബൈജു എന്നിവരുടെ നേതൃത്വത്തിൽ കീഴ്‌വായ്പ്പൂര് ജനമൈത്രി പൊലീസിന്റെ സഹകരണത്തോടെയാണ് ശുചീകരണം നടന്നത്.

***മല്ലപ്പള്ളി ബസ് സ്ലാൻഡ്:-***
മല്ലപ്പള്ളി പഞ്ചായത്ത് ബസ് സ്ലാൻഡ് കഴുകി വൃത്തിയാക്കുന്നു.

(പിഎൻപി 1313/20)

## അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നു

പത്തനംതിട്ട ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഡ് ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനായി വോക്ക് ഇൻ ഇന്റർവ്യു നടത്തുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ഡോ.എ.എൽ ഷീജ അറിയിച്ചു. താൽപര്യമുള്ളവർ (പ്രായപരിധി 65 വയസ്) മാർച്ച് 25 വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ ജില്ലാ മെഡിക്കൽ ഓഫീസിൽ അസൽ സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് (പകർപ്പുകൾ സഹിതം) എത്തണം. സർവീസിൽ നിന്നു വിരമിച്ചവരെയും പരിഗണിക്കും. ഫോൺ: 0468-2222642.

(പിഎൻപി 1314/20)

***ഫോട്ടോ അടിക്കുറിപ്പ്: ബസ് സ്റ്റാൻഡ്:-***

ബ്രേയ്ക്ക് ദ ചെയിൻ കാമ്പയിനിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകരുമായി ചേർന്ന് അഗ്നിരക്ഷാ വകുപ്പിന്റെ കേരള സിവിൽ ഡിഫൻസ് ടീം പത്തനംതിട്ട ബസ് സ്റ്റാൻഡ് ശുചീകരിക്കുന്നു.

(പിഎൻപി 1315/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 22<br>March 22 | 2020 |
|---|---|

**1195 മീനം 9 ഞായർ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ് 19:**

**കലാകായിക മത്സരങ്ങൾ നിരോധിച്ചു**

ജില്ലയിൽ കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇനിയൊരു ഔദ്യോഗിക അറിയിപ്പ് ഉ ാകുന്നതുവരെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതും അവയിൽ പൊതുജനങ്ങൾ എത്തിച്ചേരുന്നതും നിരോധിച്ചതായി ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ഈ ഉത്തരവ് പ്രകാരം ജില്ലാ പോലീസ് മേധാവി, തിരുവല്ല സബ് കളക്ടർ, ആർ.ഡി.ഒ, അടൂർ, തിരുവല്ല, കോഴഞ്ചേരി, മല്ലപ്പള്ളി, റാന്നി, കോന്നി എന്നിവിടങ്ങളിലെ തഹസീൽദാർമാർ എന്നിവർ പൊതുജനം ഉത്തരവ് പാലിക്കുന്നുെ ന്ന് ഉറപ്പുവരുത്തണമെന്നും കളക്ടർ അറിയിച്ചു.

(പിഎൻപി 1316/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 22<br>March 22 | 2020 |
|---|---|

**1195 മീനം 9 ഞായർ**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**തിരുത്തിയ വാർത്തകൾ.... ആദ്യം അയച്ച ഈ ര ു വാർത്തകളും ഒരു കാരണവശാലും കൊടുക്കരുതേ...**

**കോവിഡ് 19:**
**ജില്ലയിൽ ഐസലേഷൻ വ്യവസ്ഥകൾ**
**ലംഘിച്ച 13 പേർക്കെതിരേ കേസ് എടുക്കാൻ നിർദേശം**

കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനിടെ ആരോഗ്യവകുപ്പിന്റെയും ജില്ലാഭരണകൂടത്തിന്റെയും വ്യവസ്ഥകൾ ലംഘിച്ച 13 പേർക്കെതിരെ കേസ് എടുക്കാൻ ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നിർദേശം. ജില്ലാ പോലീസ് മേധാവി കെ.ജി സൈമണിനാണ് നിർദേശം നൽകിയത്.

ക്വാറന്റൈൻ വ്യവസ്ഥകൾ ലംഘിച്ചവർക്കെതിരേ 2009 ലെ കേരളാ പൊതുജനാരോഗ്യ നിയമ പ്രകാരവും 2011 ലെ കേരളാ പോലീസ് ആക്ട് പ്രകാരവുമാണ് കേസ് എടുക്കാൻ നിർദേശിച്ചത്.

**കലാകായിക മത്സരങ്ങൾക്ക് നിയന്ത്രണം**

ജില്ലയിൽ കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇനിയൊരു ഔദ്യോഗിക അറിയിപ്പ് ഉ ാകുന്നതുവരെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതും അവയിൽ പൊതുജനങ്ങൾ എത്തിച്ചേരുന്നതും നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ

കളക്ടർ പി.ബി നൂഹ് അറിയിച്ചു. ഈ ഉത്തരവ് പ്രകാരം ജില്ലാ പോലീസ് മേധാവി, തിരുവല്ല സബ് കളക്ടർ, ആർ.ഡി.ഒ, അടൂർ, തിരുവല്ല, കോഴഞ്ചേരി, മല്ലപ്പള്ളി, റാന്നി, കോന്നി എന്നിവിടങ്ങളിലെ തഹസീൽദാർമാർ എന്നിവർ പൊതുജനം ഉത്തരവ് പാലിക്കുന്നുെ ന്ന് ഉറപ്പുവരുത്തണമെന്നും കളക്ടർ അറിയിച്ചു.




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 22<br>March 22 | 2020 |
|---|---|

**1195 മീനം 9 ഞായർ**

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ബ്രേയ്ക്ക് ദ ചെയിൻ:**
**അഗ്നിശമനസേനയുടെ നേതൃത്വത്തിൽ**
**ജില്ലയിൽ ശുചീകരണയജ്ഞം**

കോവിഡ് 19 പ്രതിരോധ നടപടിയുടെ ഭാഗമായി ബ്രേയ്ക്ക് ദ ചെയിൻ കാമ്പയിനിൽ ആരോഗ്യ പ്രവർത്തകരുമായി ചേർന്ന് അഗ്നിരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള സിവിൽ ഡിഫൻസ് ടീമും ശുചീകരണ പ്രവർത്തങ്ങളിൽ ഭാഗമായി. ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നിർദേശത്തെ തുടർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് 13 അഗ്നിശമന സേനാംഗങ്ങളും മൂന്നു സിവിൽ ഡിഫൻസ് വോള ിയർമാരും ശുചീകരണ പ്രവർത്തനത്തിനു ായിരുന്നു. പത്തനംതിട്ട ബസ് സ്റ്റാൻഡ്, പത്തനംതിട്ട ചന്ത, അടൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, റാന്നി ഇട്ടിയപ്പാറ ബസ് സ്റ്റാന്റ്, റാന്നി പെരുമ്പുഴ ബസ് സ്റ്റാന്റ്, തിരുവല്ല റെയിൽവേ സ്റ്റേഷൻ, തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാന്റ്, ചിറ്റാർ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ അഗ്നിശമന സേനയും സിവിൽ ഡിഫൻസ് വോള ിയർമാരും ചേർന്ന് പ്രവർത്തിച്ചു. പത്തനംതിട്ട സ്റ്റേഷൻ ഓഫീസർ വി.വിനോദ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു ശുചീകരണ പ്രവർത്തനം. ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ തുടരും.

***ഫോട്ടോ അടിക്കുറിപ്പ്: ബസ് സ്റ്റാൻഡ്:-*** ബ്രേയ്ക്ക് ദ ചെയിൻ കാമ്പയിനിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകരുമായി ചേർന്ന് അഗ്നിരക്ഷാ വകുപ്പിന്റെ കേരള സിവിൽ ഡിഫൻസ് ടീം പത്തനംതിട്ട ബസ് സ്റ്റാൻഡ് ശുചീകരിക്കുന്നു.

(പിഎൻപി 1317/20)

## സാനിറ്റേഷൻ സൊസൈറ്റികൾ കൃത്യമായി പ്രവർത്തിക്കുന്നുെ ന്ന് ഉറപ്പുവരുത്തണം: ജില്ലാ കളക്ടർ

ജില്ലയിൽ കോവിഡ് 19 വൈറസ് നിയന്ത്രണത്തിന്റെ ഭാഗമായി പഞ്ചായത്ത്തലത്തിൽ സാനിറ്റേഷൻ സൊസൈറ്റികൾ കൃത്യമായി പ്രവർത്തിക്കുന്നുെ ന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു.

പഞ്ചായത്ത് സെക്രട്ടറിമാർ വാർഡ്തല സാനിറ്റേഷൻ കമ്മറ്റികൾ കൂടുന്നുെ ന്നും വാർഡ്തലത്തിലുള്ള ഹോം ഐസലേഷനിൽ കഴിയുന്ന ആളുകൾ കൃത്യമായി വീടുകളിൽ കഴിയുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി മൂന്നു ദിവസത്തിൽ ഒരിക്കൽ വാർഡ് സാനിറ്റേഷൻ കമ്മിറ്റി സന്ദർശിക്കുന്നുവെന്ന് ഉറപ്പുവരുത്തേ തും അവയുടെ ലിസ്റ്റും ഹോം ഐസലേഷനിൽ കഴിയാതെ പുറത്തിറങ്ങി നടക്കുന്നവരുടെ ലിസ്റ്റും ഡി.ഡി.പിക്ക് എല്ലാദിവസവും വൈകിട്ട് നാലിനകം റിപ്പോർട്ട് നൽകണം.

ഫീൽഡുകളിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ ഡി.ഡി.പി കൃത്യമായി പരിശോധിക്കണം. ആശാപ്രവർത്തകർ കൃത്യമായി ഫീൽഡുകളിൽ പോകുന്നുണ്ടെന്നും വിവരങ്ങൾ നൽകുന്നുെ ന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തണമെന്നും കളക്ടർ നിർദ്ദേശിച്ചു.

(പിഎൻപി 1318/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.